GEMS OUR OWN INDIAN SCHOOL
A GEMS SCHOOL

GEMS EDUCATION

# Worksheet : SUBJECT : Malayalam

| | | | |
|---|---|---|---|
| Grade: 9 | Sec: A,B,D | Worksheet No: 5 | Date: 6.6.2012 |
| Chapter/Topic : Sahapadikal | | | |
| Name of the teacher: Blaicy Alfred | | Submission date: 10.6.12 | |

മാതൃത്വത്തിന്റെ മാഹാത്മ്യം ഉദ്ഘോഷിച്ചുകൊണ്ട് കാവ്യലോകത്തേക്കു കടന്നു വന്ന കവയിത്രിയാണ് ബാലാമണിയമ്മ. ഓണം ഒത്തൊരുമയുടെ ദിനങ്ങളാണ്. ജാതിയുടെയും മതത്തിന്റെയും സമ്പത്തിന്റെയും അതിർവരമ്പുകളില്ലാത്ത ആ നല്ലനാളുകൾ ഓണനാളിൽ സ്മരിക്കുന്നു. സഹപാഠിയെ ഊണിനെ ക്ഷണിക്കുന്ന കുട്ടി ഒരു സത്യം ഇന്നു മനസ്സിലാക്കുന്നു. .ജാതിയും മതവും സമ്പത്തിന്റെ ഏററക്കുറച്ചിലും ഇന്ന് മനുഷ്യനെ വേർതിരിക്കുന്നുവെന്ന്. മനുഷ്യർ പരസ്പരം സ്നേഹിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് കവയിത്രി നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു.

## സമാനപദങ്ങളെഴുതുക

കുട്ടി
ആദിത്യൻ
അമ്മ
കൂട്ടുകാരൻ

## വിപരീതപദമെഴുതുക

സൗന്ദര്യം
സ്വാത്മാവ്
പകൽ
മൃദു
നേട്ടം

## വിഗ്രഹിച്ച് സമാസം നിർണയിക്കുക

ഓമനത്തോഴൻ
പഞ്ചാമൃതം

പഞ്ചാമൃതക്കൂട്ട്
പാണർകളി
താമരപ്പൂംകിരീടം
അഞ്ചാറ്

പിരിച്ചെഴുതി സന്ധിനിർണയിക്കുക

ചെഞ്ചുണ്ട്
ഇലയിട്ട
വാടിക്കുഴഞ്ഞു
അമ്മയെ

ഉത്തരമെഴുതുക

1. ഈ കവിതയ്ക്കു നിങ്ങൾ നല്കുന്ന പേരെന്ത്?
2. കൂട്ടുകാരൻ വരാൻ താമസിച്ചതു കൊണ്ട് എന്തൊക്കെ സംഭവിച്ചു എന്നാണ് കുട്ടി പറയുന്നത്? നിങ്ങളുടെ ഒരനുഭവവും വിശദമാക്കുക?
3. സുഹൃത്തുക്കളെ തമ്മിൽ തെററിക്കുന്ന ദുഷ്ടശക്തികൾ ഇന്നും സമൂഹത്തിലുണ്ട്. അവർ ആരായിരിക്കും? അവരിൽ നിന്നും രക്ഷപ്പെടാൻ നമ്മൾ ചെയ്യേണ്ടതെന്ത്?
4. പുത്രൻെറ കണ്ണുതുടച്ചു കൊണ്ട് അമ്മ പറഞ്ഞതെന്ത്?
4. സഹപാഠി എത്താത്തതിൽ നിരാശ തോന്നിയ കുട്ടി അന്ന് എഴുതാനിടയുള്ള ഡയറിക്കുറിപ്പ് തയാറാക്കുക

പാഠാലയത്തിലെ പ്രാമാണ്യമുള്ളവർ
പാവങ്ങളോടൊത്തിണങ്ങലുള്ളൂ
പഞ്ചാമൃതക്കൂട്ടും ഞാവൽപ്പഴങ്ങളും
പങ്കിട്ടെടുത്തു കഴിക്കലുള്ളൂ. ഈ വരികളിലെ ആശയം എങ്ങനെ നോക്കിക്കാണുന്നു?

ബാലാമണിയമ്മയുടെ സഹപാഠികൾ എന്ന കവിതയിലെ വരികളാണിവ. ഓണനാളിൽ സമ്പന്നനായ സഹപാഠിയെ ഊണിനു വിളിച്ച് കാത്തിരിക്കുന്ന ദരിദ്രനായ കുട്ടിക്കുണ്ടായ വേദനാജനകമായ അവസ്ഥയും അവൻ മനസ്സിലാക്കിയ സത്യവുമാണ് ഈ വരികളിൽ പ്രകടമാകുന്നത്. കുട്ടിക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഏറെയുണ്ടായിട്ടും അമ്മയെ ശല്യപ്പെടുത്തി അഞ്ചാറുകൂട്ടം കറിയും പൂവടയും ഒരുക്കി കൂട്ടുകാരനെ കാത്തിരുന്നു. സഹപാഠിവരാൻ താമസിച്ചപ്പോൾ കുട്ടിയുടെ മനസ്സിലൂടെ പലചിന്തകളും കടന്നു പോയി. അന്വേഷിക്കാനായി വീട്ടിൽ ചെന്നപ്പോൾ കൂട്ടുകാരൻെറ ചേച്ചീ മുഖം കോട്ടിക്കാണിച്ചു. അച്ഛൻ നെററിചുളിക്കുകയും അമ്മ

പരിഹസിച്ച് ചിരിക്കുകയും ചെയ്തു. കുട്ടിക്ക് നിരാശയായി. അതുകണ്ട അവൻെറ അമ്മ ഒരു സത്യം തുറന്നു പറഞ്ഞു. പ്രാമാണ്യമുള്ളവനും പാവങ്ങളും തമ്മിൽ വിദ്യാലയത്തിൽ വച്ചുമാത്രമേ സൗഹൃദമുള്ളൂ. പഞ്ചാമൃതവും ഞാവൽപ്പഴങ്ങളുമൊക്കെ പങ്കിട്ടെടുത്തു കഴിക്കുകയുള്ളൂ. പിള്ളമനസ്സിൽ കളങ്കമില്ലാത്തതിനാൽ പാഠശാലയിൽ കുട്ടികൾ ഒത്തൊരുമയോടെ കഴിയുന്നു. പരസ്പര സ്നേഹവും വിശ്വാസവും അവരിലുണ്ട്. മുതിർന്നവർ-പണക്കാർ പണക്കാരുമായി മാത്രമേ സൗഹൃദം പുലർത്തുകയുള്ളൂ എന്ന സത്യം കുട്ടി തിരിച്ചറിഞ്ഞു.

നാളെയ്ക്കു പൂനുള്ളുമുണ്ണികൾ ഘോഷിച്ചു
"മാലോകരെല്ലാരു മൊന്നു പോലെ" പൊരുൾ വ്യക്തമാക്കുക
ബാലാമണിയമ്മയുടെ സഹപാഠികൾ എന്ന കവിതയിലെ വരികളാണിവ. ഓണനാളിൽ സമ്പന്നനായ സഹപാഠിയെ ഊണിനു വിളിച്ച് കാത്തിരിക്കുന്ന ദരിദ്രനായ കുട്ടിക്കുണ്ടായ വേദനാജനകമായ അവസ്ഥയും അവൻ മനസ്സിലാക്കിയ സത്യവുമാണ് സഹപാഠികൾ എന്ന കവിതയിലെ വിഷയം. പണ്ട് ഒത്തൊരുമയോടെ കഴിഞ്ഞിരുന്ന ജനത ഇന്ന് സമ്പത്തിൻെറയും ജാതിയുടെയും പേരിൽ വേർതിരിവുകാണിക്കുന്നു. നാളെയ്ക്കു പൂനുള്ളുന്ന ഉണ്ണികൾ നാളെയുടെ വാഗ്ദാനങ്ങളാണ്. അവർ ഈ വേർതിരിവുകളെ ഇല്ലാതാക്കി ഒരമ്മയുടെ മക്കളെന്ന പോലെ കഴിയണം കുട്ടികളെല്ലാവരും ആഘോഷത്തോടെ നാളേയ്ക്കുള്ള പൂനുള്ളി അത്തപ്പൂക്കളമൊരുക്കുകയും മാലോകരെല്ലാരും ഒന്നാണെന്ന സമഭാവനയോടെ ഓണം ആഘോഷിക്കുകയും ചെയ്യുന്ന ഒരു നല്ല നാളയെ കവയിത്രി മനസ്സിൽ കാണുന്നു